LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുക

95 [5240] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് 2003-04 വർഷത്തിൽ സർക്കാർ ഒന്നാം ഗഡുവായി അനുവദിച്ചിട്ടുള്ള പദ്ധതി തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതി തുക തിരിച്ചുപിടിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) കേരള വികസന പദ്ധതിയിൽ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും ലക്ഷ്യമാക്കുന്നുണ്ടോ;

(ഇ) എങ്കിൽ പദ്ധതി തുക പിൻവലിക്കുന്ന നടപടി റദ്ദാക്കുമോ?

ഉത്തരം

(എ) ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ 4 ഗഡുക്കളായി 439 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

(ഇ) പദ്ധതി തുക പിൻവലിച്ചിട്ടില്ല.

മുൻ സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വിഭാവനം ചെയ്ത തുക

96 [5241] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസാമ്പത്തികവർഷം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തുതുക നൽകുമെന്നാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഘട്ടങ്ങളിലായി എത്ര തുക വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി;

(സി) ട്രഷറി നിയന്ത്രണങ്ങളുടേയും മറ്റും പേരിൽ മുൻസാമ്പത്തിക വർഷം കൈമാറിയ തുകയിൽ ചെലവഴിക്കാൻ കഴിയാതായ തുക മൊത്തം എത്ര കോടിയാണെന്ന് വെളിപ്പെടുത്തുമോ;